**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗക്കാർക്ക് തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗത്തിൽപെട്ടവരുടെ ഇടയിൽ തൊഴിൽരഹിതരായവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ കാരണം പട്ടികവിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസം നേടിവരികയാണ്. ഇത്തരത്തിൽ യോഗ്യത നേടുന്ന മുഴുവൻ പേർക്കും നിലവിൽ ജോലിയിൽ പ്രവേശിക്കാനാവുന്നില്ല എന്നത് വാസ്തവമാണ്. എന്നാൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ആവശ്യമായ പരിശീലനവും പിന്തുണയും നല്കി അവരെ മെച്ചപ്പെട്ട ജോലികൾക്ക് പ്രാപ്തരാക്കുന്നതിനായി ഹോണറേറിയം നല്കി സർക്കാർ സംവിധാനത്തിൽ 2 വർഷക്കാലയളവിലേക്ക് നിയമിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിനായി Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.** |
| (ബി) | ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (ബി) | **സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ കാരണം പട്ടികവിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസം നേടിവരികയാണ്. ഇത്തരത്തിൽ യോഗ്യത നേടുന്ന മുഴുവൻ പേർക്കും നിലവിൽ ജോലിയിൽ പ്രവേശിക്കാനാവുന്നില്ല എന്നത് വാസ്തവമാണ്. എന്നാൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ആവശ്യമായ പരിശീലനവും പിന്തുണയും നല്കി അവരെ മെച്ചപ്പെട്ട ജോലികൾക്ക് പ്രാപ്തരാക്കുന്നതിനായി ഹോണറേറിയം നല്കി സർക്കാർ സംവിധാനത്തിൽ 2 വർഷക്കാലയളവിലേക്ക്** |

| | | | |
|---|---|---|---|
| | | | **നിയമിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിനായി Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.** |
| (സി) | പട്ടിക വിഭാഗത്തിൽപെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | **സംസ്ഥാനത്ത് പട്ടികവിഭാഗക്കാരിലെ അഭ്യസ്തവിദ്യരായവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരിലെ അഭ്യസ്തവിദ്യരായവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. TRACE പദ്ധതിയുടെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ITI യോഗ്യതയുള്ള 500 (200 ST + 300 SC) യുവതീയുവാക്കൾക്ക് 18000/- രൂപ പ്രതിമാസ വേതനത്തിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഇവർക്ക് നിർമ്മാണ മേഖലയിലെ വിവിധ പദ്ധതികൾ, പുതിയ പ്രവണതകൾ, എഞ്ചിനീയറിംഗ് സോഫ്റ്റ് വെയറുകൾ (PRICE) എന്നിവയെപ്പറ്റിയുള്ള സമഗ്ര എഞ്ചിനീയറിംഗ് പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

2. പട്ടികജാതി വികസന വകുപ്പിനേയും തദ്ദേശ സ്ഥാപനങ്ങളെയും പദ്ധതി പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിലേക്കായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ള 2400-ഓളം യുവതീ യുവാക്കളെ തൊഴിൽ പരിശീലനമെന്ന നിലയിൽ എസ്.സി/എസ്.ടി. പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്.

3. പട്ടിക വിഭാഗത്തിൽപ്പെട്ട 380-ഓളം ഉദ്യോഗാർത്ഥികളെ ക്ലർക്കുമാരായും നിയമിച്ചിട്ടുണ്ട്.

4. സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ളവരെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW) മാരായി നിയമിച്ചിട്ടുണ്ട്. (എസ്.ടി. 54, എസ്.സി. 60).

5. പൗരാവകാശ നിയമത്തിന്റെ സംരക്ഷണത്തിനും അതിക്രമങ്ങൾ തടയുന്നതിനുമുള്ള വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അതിക്രമത്തിന് ഇരയായവർക്ക് സമയബന്ധിതമായ സഹായം നൽകുന്നതിനുമായി, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ താൽക്കാലികമായി കോൾ സെന്റർ അസിസ്റ്റന്റ്, ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ എന്നിങ്ങനെ നിയമിച്ചുവരുന്നു. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഏതെങ്കിലും വിഷയത്തിൽ ബിരുദം ലഭിച്ചവരെ (എൽ.എൽ.ബി/എം.എസ്.ഡബ്ല്യു ഉള്ളവർക്ക് മുൻഗണന നൽകും) കോൾ സെന്റർ അസിസ്റ്റന്റായി നിയമിക്കുന്നു. അഭിഭാഷകനായി 2 വർഷത്തെ പ്രവൃത്തിപരിചയമുള്ള എൽ.എൽ.ബി നേടിയവരെ ലീഗൽ കൗൺസിലർമാരായി നിയമിക്കുന്നു. അഭിഭാഷകനായി കുറഞ്ഞത് 5 വർഷത്തെ പരിചയമുള്ള എൽ.എൽ.ബി നേടിയവരെ ലീഗൽ അഡ്വൈസർമാരായി നിയമിക്കുന്നു.

6. പട്ടികവർഗ്ഗ വികസന വകുപ്പിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പിലാക്കുക എന്ന പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീയുവാക്കൾക്ക് അവരവരുടെ താൽപര്യത്തിന് അനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി പല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്.

7. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ യുവതീയുവാക്കളെ കണ്ടെത്തുകയും അവർക്ക് അവരുടെ സങ്കേതത്തിന് സമീപം തന്നെ പ്രത്യേക തൊഴിൽ പരിശീലനം നൽകുകയും സംഘടിത തൊഴിൽ മേഖലയായ നിർമ്മാണ പ്രവർത്തന മേഖലകളിൽ ജോലി ലഭിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

8. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ തൊഴിൽ വിദ്യാഭ്യാസം ഇടയ്ക്ക് വച്ച് നഷ്ടപ്പെട്ടവർക്ക് തുടർ വിദ്യാഭ്യാസ പരിപാടി എന്ന നിലയിലും സുസ്ഥിര വരുമാനം ഉറപ്പാക്കുക എന്നതും ലക്ഷ്യം വെച്ച് കെട്ടിട നിർമ്മാണ മേഖലയിൽ പരിശീലനം നൽകി. പട്ടികവർഗ്ഗക്കാരുടെ സങ്കേതങ്ങൾക്ക് സമീപം തന്നെ പരിശീലന പരിപാടികൾ പൂർത്തീകരിച്ചു കോൺക്രീറ്റ് ചെയ്യു സിമന്റ് പൂശൽ, വയറിംഗ്, തടിപ്പണി, പ്ലംബിംഗ്, പെയിന്റിംഗ്, ടൈലിംഗ് എന്നീ കെട്ടിട നിർമ്മാണത്തിന്റെ എല്ലാ മേഖലകളുമായി ബന്ധപ്പെടുത്തിയാണ് പരിശീലനം പൂർത്തിയാക്കിയിട്ടുള്ളത്.

ഇപ്രകാരം വിവിധ മേഖലകളിൽ പരിശീലനം നേടിയവരെ ചെറു സംഘങ്ങളായി രജിസ്റ്റർ ചെയ്തു. തുടർന്ന് അവർക്ക് നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് ധനസഹായവും അനുവദിച്ചു. തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ചിലത് ഈ ചെറു സംഘങ്ങളെ കൊണ്ടാണ് നടപ്പിലാക്കി വരുന്നത്.

9. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ 100 ദിവസത്തെ തൊഴിലിനോടൊപ്പം 100 ദിവസം പൂർത്തിയാക്കിയ പട്ടികവർഗ്ഗക്കാർക്ക് അധിക 100 ദിവസത്തെ തൊഴിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി മുഖാന്തിരം നൽകിവരുന്നുണ്ട്.

10. പട്ടികജാതി വികസന വകുപ്പിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സ്വയംതൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

11. വിദേശത്ത് തൊഴിൽ തേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു.

12. വനം വന്യജീവി വകുപ്പിൽ 500 പേർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സ്ഥിരനിയമനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

13. പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ ഒരേ സമയം തൊഴിൽദാതാക്കളായും തൊഴിൽ സംരംഭകരായും മാറ്റുന്നതിനുള്ള എംപവർമെന്റ് സൊസൈറ്റികൾ രൂപീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ